വിശേഷമാണുള്ളത്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. അതുപോലെ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം നൽകുമെന്ന് ഈ സഭയിൽത്തന്നെ നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞതാണ്. പക്ഷേ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം നൽകാനുള്ള സർക്കാർ തീരുമാനം വകുപ്പ് മേധാവികൾ പരസ്യമായി ലംഘിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിവിധ വകുപ്പുകളിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. വർഷങ്ങളോളം കാത്തിരുന്നതിനു ശേഷം പി.എസ്.സി.-യിൽ സെലക്ഷൻ ലഭിച്ച ചെറുപ്പക്കാർക്ക് നിയമനങ്ങൾ നീണ്ടു പോകുമ്പോൾ ഉണ്ടാകുന്ന ആശങ്ക എല്ലാവർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. അത് പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരെ കണ്ടെത്തി പുനർവിന്യസിപ്പിക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലം വകുപ്പ് മേധാവികൾ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നേരിയ കാലതാമസം നേരിടുന്നുണ്ടെന്ന് സർക്കാർ മനസ്സിലാക്കുന്നു. റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് 5-6-2003-ന് കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസം കൂടി നീട്ടാൻ പി.എസ്.സി.-യോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടുകൂടി പുനർവിന്യാസ നടപടികൾ വേഗത്തിലാക്കാനും നടപടികളെടുക്കുന്നുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്നത് സംബന്ധിച്ച് കൃത്യമായ ഒരു വിവരം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമല്ല കേരളത്തിൽ ഒട്ടാകെയുള്ള ഇപ്പോഴത്തെ ഒഴിവുകൾ പരമാവധി വേഗത്തിൽ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം. പുനർവിന്യാസം ഇനിയും അനന്തമായി നീട്ടിക്കൊണ്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇപ്പോൾ നീട്ടിയ 6 മാസത്തെ സമയപരിധിക്കുള്ളിൽത്തന്നെ നടപടികളെല്ലാം പൂർത്തിയാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(2) സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനം

ശ്രീമതി മേഴ്സി രവി: സർ, ഇന്ന് കേരളത്തിലെ ഗ്രാമങ്ങൾപോലും വളർന്ന് എക്സ്റ്റന്റഡ് ടൗൺഷിപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. നഗരവൽക്കരണത്തിന്റെ ഏറ്റവും വലിയ ശാപമെന്നു പറയുന്നത് ഇവിടത്തെ മാലിന്യങ്ങൾ തന്നെയാണ്. ഇന്ന് ഗ്രാമപ്രദേശങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. അസംബ്ലിയിൽ പല പ്രാവശ്യം മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പലതരം രോഗങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു കഴിഞ്ഞു, നടന്നുകൊണ്ടിരിക്കുകയുമാണ്. ഇനിയും ഡെങ്കിപ്പനി പോലെയുള്ള രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ഇതിന്റെ മൂലകാരണം കുന്നുകൂടി കിടക്കുന്ന ചവർ കൂമ്പാരങ്ങളും മാലിന്യങ്ങളും തന്നെയാണ്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ വേസ്റ്റ്സ് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനവും നമുക്കില്ല. ഏറ്റവും കൂടുതൽ ജലാശയങ്ങളുള്ള കേരളത്തിലെ ജലസ്രോതസ്സുകൾ എല്ലാം മൈക്രോ ഓർഗാനിസംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഖരമാലിന്യങ്ങൾ മാത്രമല്ല വേസ്റ്റായി കാണേണ്ടത്. വാട്ടർ പൊല്യൂഷൻ കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ ബോൺ ഡിസീസസ് ആലപ്പുഴ, കോട്ടയം ജില്ലകളിൽ വലിയൊരു പ്രശ്നമാണ്. ഒരു ഇഫക്ടീവ് വേസ്റ്റ് ഡിസ്പോസൽ സിസ്റ്റം ഡെവലപ് ചെയ്യാൻ ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് ടെക്നോളജി തന്നെയാണ്. നമ്മൾ പല പരിഷ്കാരങ്ങളും നടത്തുന്നുണ്ട്. തിരുവനന്തപുരത്തെ ബൈവേവള നിർമ്മാണം തന്നെ ഒരു പരാജയമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. 2003-ൽ രണ്ട് റോൾ മോഡലുകളെക്കുറിച്ച് പറയുന്നുണ്ട്. അത് കാൺപൂരും പൂനയുമാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, കേരളത്തിൽനിന്ന് ഒരു ടീമിനെ അയച്ച് ഈ മോഡൽ ഒന്ന് പഠിക്കാനെങ്കിലും ശ്രമിക്കണം.

അതുപോലെതന്നെ വേറൊരു കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പല പ്രാവശ്യം അന്യരാജ്യങ്ങളിൽ പോയിട്ടുള്ളതാണ്. അവിടെ ഇഫക്ടീവ് സിസ്റ്റമുണ്ട്. വേസ്റ്റ് ഡിസ്പോസലിന്റെ ഏറ്റവും വലിയ ബോട്ടിൽനെക്ക് എന്നുപറയുന്നത് പ്ലാസ്റ്റിക് വേസ്റ്റാണ്. പ്ലാസ്റ്റിക് വേസ്റ്റ് സോർട്ട് ചെയ്യുക എന്നുള്ളതാണ് വേസ്റ്റ് ഡിസ്പോസലിന്റെ വലിയ ഒരു ബോട്ടിൽനെക്ക്. അന്യരാജ്യങ്ങളിൽ താങ്കൾ കണ്ടിട്ടുണ്ടാകും. അവിടെ വേസ്റ്റ് ഡിസ്പോസലിന്റെ സോർട്ടിംഗ് നടക്കുന്നത് വീടുകളിൽ തന്നെയാണ്. അതായത് കൃത്യം മൂന്ന് വേസ്റ്റ് ബിന്നുകൾ എല്ലാ വീടുകളിലും കാണും. പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ ഒരു ബിന്നിലും, വെറ്റ് വേസ്റ്റ് ഒരു ബിന്നിലും, അതേസമയം റീസൈക്കിൾ ചെയ്യാൻ പറ്റുന്ന സംഗതികളെല്ലാം മറ്റൊരു ബിന്നിലും ഇടണം. അമേരിക്കയിലാണെങ്കിൽ നമ്മൾ ഉപയോഗിക്കുന്ന സിറിഞ്ചോ നീഡിലോ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പ്രത്യേകം കവറിലിട്ട് പൊതിഞ്ഞ് ആശുപത്രിയുടെ പടിക്കൽ വച്ചിട്ടുള്ള ബിന്നിൽ കൊണ്ടിടണം. അത് അവിടെ വച്ചിട്ടുള്ള മൂന്ന് ബിന്നുകളിൽ ഒന്നിൽപോലും ഇടാൻ സമ്മതിക്കില്ല. അങ്ങനെ സ്ട്രിക്ടായിട്ടുള്ള ഒരു നിയമം കൊണ്ടാണ് വേസ്റ്റ് സോർട്ടിംഗ് അവിടെ നടക്കുന്നത്. ആ നിയമത്തെക്കുറിച്ച് ആലോചിക്കാൻ അതിന്റെ പ്രാരംഭപടി എന്ന നിലയിൽ ഏറ്റവും ചുരുങ്ങിയത് പ്ലാസ്റ്റിക് എങ്കിലും നിരോധിക്കാനുള്ള സംവിധാനം ഇവിടെ ഉണ്ടാകണം. അതിനെക്കുറിച്ച് പരാതി വരും. കാരണം പ്ലാസ്റ്റിക് ബാഗുകൾ നിർമ്മിക്കുന്ന 25 യൂണിറ്റുകൾ ഇവിടെയുണ്ട്. അത് പേപ്പർ ബാഗുകളിലേക്ക് തിരിയണം. പേപ്പർ കപ്പുകളാക്കണം. റെയിൽവേ എൻഫോഴ്സ് ചെയ്യുന്നുണ്ട്. റെയിൽവേ ഇന്ന് പ്ലാസ്റ്റിക് നിരോധിച്ചിരിക്കുകയാണ്. അതുകൊണ്ട് പ്ലാസ്റ്റിക് നിരോധിക്കാനുള്ള ഇഫക്ടീവ് സിസ്റ്റം ഡെവലപ് ചെയ്യാനുള്ള സംവിധാനം ഗവൺമെന്റ് ഭാഗത്ത് നിന്നുണ്ടാകണം. അത് ഉണ്ടാകാത്തിടത്തോളം കാലം ഇപ്രാവശ്യം മരിച്ചതിന്റെ പത്തിരട്ടിയിൽ കൂടുതൽ ആളുകൾ അടുത്ത പ്രാവശ്യം സാംക്രമിക രോഗങ്ങൾ മൂലം മരിക്കുമെന്ന് മുന്നറിയിപ്പു നൽകാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, നഗര ശുചീകരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ ഉൽഭവസ്ഥാനത്ത് നിന്ന് ജോലിക്കാർ ലോറികളിൽ കയറ്റി സംസ്ക്കരണ പോയിന്റുകളിൽ എത്തിച്ച് വിവിധ രീതിയിൽ സംസ്ക്കരിക്കുന്നു. 'ക്ളീൻ കേരള' പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് ഖരമാലിന്യ സംസ്ക്കരണ പ്ളാന്റുകൾ മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടപ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഹോസ്പിറ്റൽ വേസ്റ്റ് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ ബയോളജിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം സംസ്ക്കരിക്കുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

1974-ലെ ജല മലിനീകരണ നിയമം അനുശാസിക്കുന്ന നിബന്ധനകൾ ഒട്ടുമിക്ക വ്യവസായ സ്ഥാപനങ്ങളിലും വൻകിട ആശുപത്രികളിലും ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനഫലമായി കഴിഞ്ഞിട്ടുണ്ട്. 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് റൂൾസ് അനുശാസിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങൾ സംസ്ഥാനത്തുള്ള ആശുപത്രികളിൽ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാംക്രമികരോഗജന്യ മാലിന്യങ്ങൾ അതാത് ആശുപത്രികളിൽതന്നെ സംസ്ക്കരിക്കാനുള്ള സംവിധാനം പ്രധാന ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 1999-ലെ റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് പ്രകാരം കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിർമ്മാണവും ഉപയോഗവും രാഷ്ട്ര വ്യാപകമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് ഷീറ്റുകളും അലങ്കാര പ്രദർശന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ നടപ്പിലാക്കിയ.....

മി. സ്പീക്കർ: അത് കഴിഞ്ഞ ദിവസം നമ്മൾ കാളിംഗ് അറ്റൻഷനിൽ പറഞ്ഞ കാര്യമാണല്ലോ. അതൊന്നും റിപ്പീറ്റ് ചെയ്യണമെന്നില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള: പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കാര്യത്തിൽ കൂടുതൽ നിയന്ത്രണം ഉടൻ ഏർപ്പെടുത്തുന്നതാണ്. റീസൈക്കിൾ ചെയ്യാൻ പറ്റിയ പേപ്പറും പ്ലാസ്റ്റിക്കും, ബയോമെഡിക്കൽ വേസ്റ്റ് എന്നിവ തരം തിരിച്ച് ശേഖരിക്കുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ നിർദ്ദേശിച്ചതുപോലെ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലും ഖരമാലിന്യങ്ങളുടെ ഡോർ ടു ഡോർ കളക്ഷൻ കുടുംബശ്രീ പദ്ധതിയിലൂടെ ഏർപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇപ്പോൾ യൂണിറ്റുകൾ ഇല്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് 2002-03, 2003-04 വർഷങ്ങളിലെ പദ്ധതി ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. സ്വകാര്യ മേഖലയുടെ സാമ്പത്തിക സഹായത്തോടെ ആധുനിക ടെക്നോളജി ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ ഉടനെ സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാർ ആലോചിച്ചു വരികയാണ്.

ശ്രീമതി മേഴ്സി രവി: സർ, സ്ഥലം വാങ്ങുന്നതിന് പണം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എനിക്കറിയേണ്ടത് കോട്ടയത്ത് എന്തെങ്കിലും പ്രത്യേക സംവിധാനം, പ്രൈവറ്റ് പ്രോജക്ടായിട്ട്, ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ്. കാരണം അതിന് ഒരു സ്റ്റഡി നടത്തിയതായി അറിഞ്ഞു. അതുമായി ബന്ധപ്പെട്ട ഒരുപാട് ആളുകൾ അവിടെ വരികയും ചെയ്തു. സ്ഥലം ഞങ്ങൾക്കുണ്ട്. വേസ്റ്റ് ഡിസ്പോസിബിൾ ടെക്നോളജിയും അതിനുള്ള ഫണ്ടും ഒരു പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ ചെയ്യുമോയെന്നാണ് അറിയേണ്ടത്. കാരണം കോട്ടയം ഇന്ന് ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുകയാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന കോട്ടയം ഇന്ന് കൂടുതൽ വിദേശികൾ വന്നിറങ്ങുന്ന സ്ഥലമായി മാറിയിരിക്കുകയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. അങ്ങനെയുള്ള പദ്ധതികൾ ഉണ്ടോ എന്ന് പ്രത്യേകമായി അന്വേഷിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly